REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ ഏകീകൃത പെൻഷൻ പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമാശ്വാസം നൽകും.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- അടുത്ത കേരളപ്പിറവി ദിനത്തിൽ സംസ്ഥാനം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കും.
- വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്കായി തെരച്ചിൽ ഇന്ന് പുനഃരാരംഭിക്കും.
- ഏഷ്യ ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ തൻവി പത്രി അണ്ടർ 15 സിംഗിൾസ് ഫൈനലിൽ.

## വാർത്തകൾ വിശദമായി

കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ ഏകീകൃത പെൻഷൻ പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 25 വർഷം കുറഞ്ഞ യോഗ്യതാ കാലമായി പരിഗണിച്ചാണ് പെൻഷൻ നൽകുന്നത്. പെൻഷൻ ആകുന്നതിന് തൊട്ട് മുമ്പത്തെ 12 മാസങ്ങളിലെ ശരാശരി അടിസ്ഥാന

വേതനത്തിന്റെ 50 ശതമാനം തുകയായിരിക്കും പെൻഷൻ. ജീവനക്കാരന്റെ മരണശേഷം പെൻഷന്റെ 60 ശതമാനം കുടുംബ പെൻഷനായി നൽകുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ അറിയിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വിശദീകരിച്ചു. 2025 ഏപ്രിൽ ഒന്നിന് പദ്ധതി നിലവിൽ വരും.

ഡെസ്ക് റിപ്പോർട്ട്

.............വോയ്സ്...........

10 വർഷത്തെ സേവനം പൂർത്തിയാക്കിയ കേന്ദ്ര ജീവനക്കാർക്ക് പദ്ധതി, കുറഞ്ഞത് 10,000 രൂപ പെൻഷൻ ഉറപ്പാക്കും. പണപ്പെരുപ്പ സൂചികയുടെ അടിസ്ഥാനത്തിൽ പെൻഷനിലും കുടുംബ പെൻഷനിലും വർദ്ധനയുണ്ടാകും. ഗ്രാറ്റുവിറ്റിക്കു പുറമെ പൂർത്തിയാക്കിയ ഓരോ ആറ് മാസത്തിനും വിരമിക്കൽ തിയതിയിലെ പ്രതിമാസ വേതനത്തിന്റെ പത്തിലൊന്ന് തുക നൽകും. 23 ലക്ഷത്തിലേറെ കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

ഗവൺമെന്റ് ജീവനക്കാരുടെ മാതൃകയിൽ വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും അഖിലേന്ത്യാ ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമാശ്വാസം കണക്കാക്കും.

ശാസ്ത്ര - സാങ്കേതിക വകുപ്പിന്റെ വിജ്ഞാൻധാരാ പദ്ധതിയ്ക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ശാസ്ത്ര മേഖലയിലെ മൂന്ന് പദ്ധതികൾ ലയിപ്പിച്ച് നടപ്പാക്കുന്ന

വിജ്ഞാൻധാരയ്ക്കായി 2026 വരെ 10,580 കോടിയോളം രൂപ 15-ാം ധനകാര്യ കമ്മീഷൻ നീക്കിവെച്ചിട്ടുണ്ട്.

✪✪✪

ജൈവ നിർമ്മാണ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്താൻ, സാമ്പത്തിക പരിസ്ഥിതി രംഗങ്ങളിലെ ബയോ E-3, നയത്തിനും മന്ത്രിസഭ അംഗീകാരം നൽകി. ഗവേഷണം, വികസനം, സംരംഭകത്വം, എന്നിവയ്ക്ക് ഈ നയം ഉറച്ച പിന്തുണ നൽകുമെന്ന് അശ്വനി വൈഷ്ണവ് പറഞ്ഞു. തൊഴിലവസര സൃഷ്ടിക്കും ഹരിത സമ്പദ് വ്യവസ്ഥയ്ക്കും പ്രയോജനപ്രദമായ നയം ഒട്ടേറെ തൊഴിലവസരങ്ങൾക്കും തൊഴിലാളികളുടെ നൈപുണ്യം മെച്ചപ്പെടുത്താനും വഴിയൊരുക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലെ ജൽഗാവിലും രാജസ്ഥാനിലെ ജോധ്പൂരിലും സന്ദർശനം നടത്തും. രാവിലെ ജൽഗാവിൽ നടക്കുന്ന ലാഖ്പതി ദീദി സമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. NDA ഗവൺമെന്റിന്റെ മൂന്നാം കാലയളവിൽ അടുത്തിടെ ലാഖ്പതിയായി മാറിയ 11 ലക്ഷം വനിതകളെ പ്രധാനമന്ത്രി ആദരിക്കുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യും. ലാഖ്പതി ദീദികളുമായി നരേന്ദ്രമോദി ആശയവിനിമയവും നടത്തും.

വൈകിട്ട് ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിനെ

പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. രാജസ്ഥാൻ ഹൈക്കോടതി മ്യൂസിയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് രാവിലെ 11-ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാതിന്റെ 113-ാം പതിപ്പാണിത്. ആകാശവാണി - ദൂരദർശൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്. ഇതിനു പുറമെ AIR ന്യൂസ്, DD ന്യൂസ്, പ്രധാനമന്ത്രിയുടെ ഓഫീസിന്റെയും വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെയും യൂട്യൂബ് ചാനലുകളിലും പരിപാടി കേൾക്കാം. ഹിന്ദി പ്രക്ഷേപണത്തിനു ശേഷം പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

✪✪✪

കൊൽക്കത്ത RG കർ മെഡിക്കൽ കോളേജിലെ വനിതാ ഡോക്ടറുടെ മരണത്തിൽ മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെ CBI നുണ പരിശോധനയ്ക്ക് വിധേയനാക്കി. ഘോഷിനെതിരെ സാമ്പത്തിക ക്രമക്കേട് കേസിൽ പ്രഥമ വിവര റിപ്പോർട്ടും CBI ഫയൽ ചെയ്തു.

✪✪✪

കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി നവംബർ ഒന്നിന് മാറുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. 'ഡിജി കേരളം' പദ്ധതിയുടെ

മുന്നോടിയായി കോഴിക്കോട് കോർപറേഷനിൽ ഡിജിറ്റൽ സാക്ഷരതാ സർവേ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്കായി തിരച്ചിൽ ഇന്ന് പുനഃരാരംഭിക്കും. സൂചിപ്പാറയിലും, റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയും 14 പേരടങ്ങുന്ന പ്രത്യേക സംഘം തിരച്ചിൽ നടത്തും. വൈകിട്ട് മൂന്നര വരെയാണ് തിരച്ചിൽ.

✪✪✪

സംസ്ഥാനത്ത് അടുത്ത ബുധനാഴ്ച വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കണ്ണൂർ, കാസർക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ചലച്ചിത്ര അക്കാദമി ചെയർമാന്റെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രക്ഷോഭം ശക്തമാക്കുമെന്ന് 'സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിൽ കോഴിക്കോട് പറഞ്ഞു. ജസ്റ്റീസ് ഹേമകമ്മറ്റി റിപോർട്ടിൽ നിയമനടപടികൾ എടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നും രാഹുൽ ആവശ്യപ്പെട്ടു.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ പെൺകുട്ടിയുമായി വിശാഖപട്ടണത്ത് നിന്നും തിരിച്ച പൊലീസ് സംഘം ഇന്ന് തിരുവനന്തപുരത്തെത്തും. ഇന്നലെ

രാവിലെ വരെ കുട്ടി വിശാഖപട്ടണത്തെ CWC സംരക്ഷണ കേന്ദ്രത്തിലായിരുന്നു. ഇന്ന് കോടതിയിൽ ഹാജരാക്കിയ ശേഷം കുട്ടിയുടെ സംരക്ഷണ കാര്യത്തിൽ തീരുമാനമെടുക്കും.

✪✪✪

ഈ വർഷത്തെ ദേശീയ കായിക ദിനം, ദേശവ്യാപക കായിക പങ്കാളിത്തത്തോടെ ആഘോഷിക്കാൻ കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ആഹ്വാനം ചെയ്തു. പ്രധാനമന്ത്രിയുടെ ഫിറ്റ് ഇന്ത്യ പ്രസ്ഥാനവുമായി മുന്നോട്ടു പോയി ആരോഗ്യ പൂർണമായ രാജ്യം എന്ന ലക്ഷ്യം നേടിയെടുക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഓർമ്മിപ്പിച്ചു. ഈ മാസം 29-നാണ് ദേശീയ കായിക ദിനം.

✪✪✪

ചൈനയിലെ ചെങ്ഡുവിൽ ഏഷ്യ ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ തൻവി പത്രി അണ്ടർ 15 പെൺകുട്ടികളുടെ സിംഗിൾസ് ഫൈനലിൽ എത്തി. വിയറ്റ്നാം താരത്തെ ഫൈനലിൽ തൻവി നേരിടും.

✪✪✪

ഒളിമ്പ്യൻ ശ്രീജേഷിന് നാളെ തിരുവനന്തപുരത്ത് നൽകാനിരുന്ന സ്വീകരണ ചടങ്ങ് മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു.

✪✪✪

മലബാർ മിൽമ ക്ഷീര കർഷകർക്ക് ഓണ സമ്മാനമായി അധിക പാൽവിലയും കാലിത്തീറ്റ സബ്സിഡിയും നൽകും.

എട്ട് കോടി 52 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ നൽകാൻ മലബാർ മേഖലാ യൂണിയൻ ഭരണ സമിതി യോഗം തീരുമാനിച്ചു. ഒരു ലക്ഷത്തോളം ക്ഷീര കർഷകരും 1,200 ആനന്ദ് മാതൃക പ്രാഥമിക ക്ഷീര സംഘങ്ങളും ഇതിന്റെ ഗുണഭോക്താക്കളാകും.

✪✪✪

KSEB-യുടെ ഓൺലൈൻ സേവനങ്ങൾ ഇന്ന് ഭാഗികമായി തടസ്സപ്പെട്ടേക്കും. ഡാറ്റാസെന്റർ നവീകരണത്തിന്റെ ഭാഗമായി രാവിലെ 7 മുതൽ 11 വരെ ഓൺലൈൻ പണമടയ്ക്കലിനും 1912 നമ്പറിലെ ഉപഭോക്തൃ സേവനങ്ങൾക്കും തടസ്സം ഉണ്ടായേക്കാമെന്ന് KSEB അറിയിച്ചു.

✪✪✪

ഓണാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനതല കൈത്തറി - കരകൗശല പ്രദർശന - വിപണന മേള കണ്ണൂർ പോലീസ് മൈതാനിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. പ്രമുഖ കൈത്തറി സംഘങ്ങൾക്കു പുറമെ, ഹാന്റക്സ്, ഹാൻവീവ് എന്നിവയും ഇതര സംസ്ഥാനങ്ങളിലെ കൈത്തറി, കരകൗശല സംഘങ്ങളും മേളയിൽ പങ്കെടുക്കുന്നുണ്ട്. സെപ്റ്റംബർ 14 വരെയാണ് മേള.

✪✪✪

ഇരിങ്ങാലക്കുടയിൽ 'സ്നേഹക്കൂട്' ഭവനനിർമ്മാണ പദ്ധതിയിലെ മൂന്നാമത്തെ വീടിന്റെ താക്കോൽ മന്ത്രി ഡോ. R ബിന്ദു കൈമാറി. സാങ്കേതിക കാരണങ്ങളാൽ മറ്റു ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടാൻ കഴിയാതെ

പോയവരെ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സഹായിക്കാനാണ് സ്നേഹക്കൂട് പദ്ധതിയെന്ന് മന്ത്രി പറഞ്ഞു.

✪✪✪

തിരുനാവായ - തവനൂർ പാലത്തിന്റെ നിർമ്മാണം ഉടൻ നിർത്തിവെയ്ക്കണമെന്ന് ഹിന്ദു ഐക്യവേദി മുഖ്യ രക്ഷാധികാരി K.P ശശികല ടീച്ചർ ആവശ്യപ്പെട്ടു. കേളപ്പജിയുടെ ശാന്തി കുടീരം നശിപ്പിച്ച് ത്രിമൂർത്തി സ്നാന ഘട്ടത്തിന്റെ വിശ്വാസം തകർത്തുമാണ് പാലം നിർമ്മാണമെന്ന് അവർ തവനൂരിൽ കുറ്റപ്പെടുത്തി.

✪✪✪

റഷ്യൻ സൈന്യത്തോടൊപ്പം ജോലി ചെയ്യവെ ഡ്രോൺ ആക്രമണത്തിൽ തൃശൂർ സ്വദേശി സന്ദീപ് ചന്ദ്രന്റെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. റഷ്യൻ പ്രതിരോധ മന്ത്രാലയം ഇന്ത്യൻ എംബസിയെ ഇക്കാര്യം അറിയിച്ചതായി നോർക്ക CEO അജിത് കോളശേരി അറിയിച്ചു. സന്ദീപിന്റെ മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാൻ നടപടി എടുക്കണമെന്ന് റഷ്യൻ അധികൃതരോട് ഇന്ത്യൻ എംബസി അഭ്യർഥിച്ചിട്ടുണ്ട്.

✪✪✪

വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ 171-ാം ജയന്തി ഇന്ന്. ചട്ടമ്പി സ്വാമിയുടെ സമാധി സ്ഥലമായ കൊല്ലം പന്മന ആശ്രമത്തിൽ പ്രത്യേകപൂജകളും, പ്രാർത്ഥനയും നടക്കും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കിയാണ് ഇത്തവണ ജയന്തി ആഘോഷം.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രതിമാസ പ്രഭാഷണ പരമ്പര ഇന്ന് കോട്ടയം പനമറ്റത്ത് നടക്കും. സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ കഥയരങ്ങിലും പ്രഭാഷണത്തിലും പങ്കെടുക്കും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി V ശിവകുമാർ ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪

കോഴിക്കോട് കുറ്റിക്കാട്ടൂരിൽ യുവാവ് വൈദ്യുതാഘാതമേറ്റ് മരിച്ച സംഭവത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരേയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എടുത്ത നടപടികളെപ്പറ്റിയും 15 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ ന്യൂനപക്ഷ കമ്മിഷൻ KSEB-ക്ക് നിർദ്ദേശം നൽകി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് സംഭവത്തിൽ KSEB-ക്ക് വീഴ്ച ഉണ്ടായെന്ന് കണ്ടെത്തിയിരുന്നു.

✪✪✪

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പനിയെ തുടർന്ന് പ്രവേശിപ്പിച്ച രണ്ടു പേർക്കും നിപയില്ലെന്ന് സ്ഥിരീകരിച്ചു. പരിശോധനാ ഫലങ്ങൾ നെഗറ്റീവാണെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

✪✪✪

ദേശീയ നേത്രദാന പക്ഷാചരണത്തിന്റെ കാസർഗോഡ് ജില്ലാതല പരിപാടി ഇന്നലെ ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചിരുന്നു.

✪✪✪

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ 30-ലേറെ പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റു.

ജനറൽ ആശുപത്രിയിൽ 20 പേരും, ശാന്തിവിള ആശുപത്രിയിൽ 12 പേരും ചികിത്സ തേടി. ഇതിനു പുറമെ മെഡിക്കൽ കോളേജിലും, സ്വകാര്യ ആശുപത്രികളിലും നിരവധി പേരും എത്തിയിരുന്നു.

✪✪✪